## പ്രധാന വാർത്തകൾ

1) ആഗോള നന്മയ്ക്കുള്ള സുപ്രധാന വേദിയാണ് ബിംസ്റ്റക് കൂട്ടായ്മ എന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി. ആറാമത് ബിംസ്റ്റക് ഉച്ചകോടിയെ പ്രധാനമന്ത്രി അഭിസംബോധന ചെയ്തു.

**Prime Minister Narendra Modi today underlined that BIMSTEC is an important forum to further global good and stressed the need to strengthen it and deepen engagement.**

2) പാർലമെന്റിന്റെ ബജറ്റ് സമ്മേളനം പൂർത്തിയാക്കി ലോക്സഭ അനിശ്ചിതകാലത്തേക്ക് പിരിഞ്ഞു. പ്രതിപക്ഷ പ്രതിഷേധത്തെ തുടർന്ന് രാജ്യസഭാ നടപടികൾ ഒരുമണിവരെ നിർത്തിവച്ചു.

**Lok Sabha adjourned sine die and Rajya Sabha adjourned till 1 PM following a ruckus created by the opposition parties over the issue of reciprocal tariff imposed by the US on India.**

3) വഖഫ് ഭേദഗതി ബിൽ 2025 ന് പാർലമെൻറിൻറെ അംഗീകാരം. സാമൂഹിക നീതിയും, സുതാര്യതയും ബിൽ ഉറപ്പു വരുത്തുന്നതായി പ്രധാനമന്ത്രി.

**Parliament approves WAQF (Amendment) Bill, 2025. PM Modi calls passage of Waqf (Amendment) Bill 'watershed moment' for socio-economic justice.**

4) സംസ്ഥാനത്ത് ആശാ പ്രവർത്തകരുടെ അനിശ്ചികാല നിരാഹാര സമരം 16-ാാം ദിവസത്തിലേക്ക്; ആശമാരുമായി ഇന്ന് ചർച്ചയില്ല.

**ASHA workers hunger strike in Kerala reaches 16th day. State Government will not hold discussions today.**

5) ഐപിഎൽ ക്രിക്കറ്റിൽ ലഖ്നൗ സൂപ്പർ ജയൻറ്സ് ഇന്ന് മുംബൈ ഇന്ത്യൻസിനെ നേരിടും

**In IPL cricket Lucknow Super Giants will face Mumbai Indians today.**

******************

## DAY PM-THAILAND

ആഗോള നന്മ ഉയർത്തിപ്പിടിക്കുന്നതിനുള്ള പ്രധാന വേദിയാണ് ബിംസ്റ്റെക് എന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. ബാങ്കോക്കിൽ നടന്ന ആറാമത് ബിംസ്റ്റെക് ഉച്ചകോടിയിൽ, സഹകരണത്തിന്റെ വിവിധ വശങ്ങൾ ഉൾക്കൊള്ളുന്ന 21 ഇന കർമ്മ പദ്ധതിയും പ്രധാനമന്ത്രി നിർദ്ദേശിച്ചു. ബിംസ്റ്റെക് രാജ്യങ്ങൾക്കിടയിൽ വ്യവസായ സഹകരണം വർധിപ്പിക്കണമെന്നും പ്രാദേശിക കറൻസിയിൽ വ്യാപാരം നടത്താനുള്ള സാധ്യതകളെക്കുറിച്ച് സാധ്യതാ പഠനം നടത്തണമെന്നും ശ്രീ മോദി പറഞ്ഞു. എല്ലാവർഷവും **BIMSTEC** വ്യവസായ ഉച്ചകോടി നടത്താനും **BIMSTEC** ചേംബർ ഓഫ് കോമേഴ്സ് സ്ഥാപിക്കാനുമുള്ള നിർദേശങ്ങളും പ്രധാനമന്ത്രി മുന്നോട്ടു വച്ചു. ഇന്ത്യക്ക് പുറമേ ബംഗ്ലദേശ്, ഭൂട്ടാൻ, മ്യാൻമർ, നേപ്പാൾ, ശ്രീലങ്ക, തായ്ലൻഡ് എന്നീ അംഗരാജ്യങ്ങളാണ് ഉച്ചകോടിയിൽ പങ്കെടുക്കുന്നത്. ബാങ്കോക്ക് വിഷൻ 2030 പ്രമേയത്തിന് ഉച്ചകോടി ഇന്ന് അംഗീകാരം നൽകും. രണ്ട് ദിവസത്തെ സന്ദർശനത്തിനായി തായ്ലൻഡിലെത്തിയ ശ്രീ മോദി, തായ്

പ്രധാനമന്ത്രിയുമായും ഉഭയകക്ഷി കൂടിക്കാഴ്ച നടത്തിയിരുന്നു.

******************

## PM-SRILANKA

തായ്‌ലൻഡ് സന്ദർശനം പൂർത്തിയാക്കി പ്രധാനമന്ത്രി നരേന്ദ്രമോദി ഇന്ന് ശ്രീലങ്കയിലെത്തും. ശ്രീലങ്കൻ പ്രസിഡന്റ് അനുര കുമാര ദിസനായകെയുടെ ക്ഷണപ്രകാരമാണ് സന്ദർശനം. ഇന്ത്യയുടെ പിന്തുണയോടെ ശ്രീലങ്കയിൽ നടപ്പാക്കുന്ന നിരവധി പദ്ധതികൾക്ക് മൂന്ന് ദിവസത്തെ സന്ദർശനത്തിനിടെ ശ്രീ മോദി തുടക്കം കുറിക്കും.

******************

## PAR-ADJOURN

പാർലമെന്റിന്റെ ബജറ്റ് സമ്മേളനം പൂർത്തിയാക്കി ലോക്സഭ അനിശ്ചിതകാലത്തേക്ക് പിരിഞ്ഞു. പ്രതിപക്ഷ പ്രതിഷേധത്തെ തുടർന്ന് രാജ്യസഭാ നടപടികൾ ഒരുമണിവരെ നിർത്തിവച്ചിരിക്കുകയാണ്. ബജറ്റ് സമ്മേളനത്തിൻറെ അവസാനദിവസമായ ഇന്ന്, വിവിധ വിഷയങ്ങൾ ഉയർത്തി ഭരണപക്ഷ-പ്രതിപക്ഷ അംഗങ്ങൾ ഇരുസഭകളിലും ശക്തമായ പ്രതിഷേധം ഉയർത്തി. ഇന്ത്യയ്ക്ക് മേൽ അമേരിക്ക ഏർപ്പെടുത്തിയ പകരം തീരുവ ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ടാണ് ലോക്സഭയിൽ പ്രതിപക്ഷം പ്രതിഷേധമുയർത്തിയത്. വഖഫ് ബില്ലുമായി ബന്ധപ്പെട്ട കോൺഗ്രസ് നേതാവ് സോണിയ ഗാന്ധിയുടെ പരാമർശങ്ങൾ ചൂണ്ടിക്കാട്ടിയായിരുന്നു ഭരണപക്ഷ പ്രതിഷേധം. തുടർന്ന് 12 മണി വരെ നിർത്തിവച്ച് സമ്മേളനം വീണ്ടും ആരംഭിച്ചെങ്കിലും ബഹളം തുടർന്ന സാഹചര്യത്തിൽ ഇന്നത്തേക്ക് പിരിയുകയായിരുന്നു. പശ്ചിമ ബംഗാളിലെ അധ്യാപക നിയമന വിഷയം ഭരണപക്ഷാംഗങ്ങൾ രാജ്യസഭയിൽ ഉന്നയിച്ചതോടെയാണ്

സഭയിൽ ബഹളം ആരംഭിച്ചത്. .തുടർന്ന് 12 മണി വരെ നിർത്തിവച്ച സഭ വീണ്ടും ചേർന്നെങ്കിലും ബഹളം തുടർന്നതിനാൽ വീണ്ടും നിർത്തിവയ്ക്കുകയായിരുന്നു.

******************

## RS- WAQF BILL (INTRO)

വഖഫ് ഭേദഗതി ബിൽ 2025 പാർലമെൻറ് പാസാക്കി. രാജ്യസഭയിൽ ഇന്നലെ അവതരിപ്പിച്ച ബിൽ 12 മണിക്കൂർ നീണ്ട ചർച്ചയ്ക്ക് ശേഷം ഇന്ന് പുലർച്ചെയാണ് പാസ്സാക്കിയത്. 128 അംഗങ്ങൾ ബില്ലിനെ പിന്തുണച്ചപ്പോൾ 95 എംപിമാർ എതിർത്ത് വോട്ട് രേഖപ്പെടുത്തി. ലോക്സഭ കഴിഞ്ഞ ദിവസം ബിൽ പാസാക്കിയിരുന്നു. രാഷ്ട്രപതി കൂടി അംഗീകരിക്കുന്നതോടെ ബിൽ നിയമമായി മാറും. വഖഫ് സ്വത്തുവകകളുടെ പരിപാലനത്തിനൊപ്പം, സാമൂഹ്യ ക്ഷേമവും, ചരിത്ര സ്മാരകങ്ങളുടെ സംരക്ഷണവും ബിൽ ലക്ഷ്യമിടുന്നതായി കേന്ദ്ര ന്യൂനപക്ഷകാര്യമന്ത്രി കിരൺ റിജിജു പറഞ്ഞു. മുസ്ലിം വിഭാഗത്തിൽ ഉൾപ്പെട്ട കോടിക്കണക്കിന് പേർക്ക് ബിൽ ഉപകാരപ്രദമാകുമെന്നും, മുസ്ലീം ഇതര വിഭാഗത്തിൽ നിന്നും മൂന്നുപേർ മാത്രമേ വഖഫ് ബോർഡിൽ ഉണ്ടാകൂ എന്നും മന്ത്രി വ്യക്തമാക്കി.

### (HOLD VOICE)

പ്രതിപക്ഷം ബില്ലിനെ ശക്തമായി എതിർത്ത് രംഗത്ത് വന്നു. ഭരണഘടനാവിരുദ്ധമായ ബിൽ പിൻവലിക്കണമെന്ന് രാജ്യസഭാ പ്രതിപക്ഷ നേതാവ് മല്ലികാർജുൻ ഖർഗെ ആവശ്യപ്പെട്ടു. 1923 ലെ മുസ്സൽമാൻ വഖഫ് നിയമം റദ്ദാക്കുന്ന ബില്ലിനും പാർലമെൻറ് അംഗീകാരം നൽകി.

******************

## PM-WAQF

പാർലമെന്റ് പാസാക്കിയ വഖഫ് ഭേദഗതി ബില്ലും മുസ്സൽമാൻ വഖഫ് റദ്ദാക്കൽ ബില്ലും സാമൂഹിക-സാമ്പത്തിക നീതി, സുതാര്യത, എല്ലാവരെയും ഉൾക്കൊള്ളുന്ന വികസനം എന്നിവ ഉറപ്പു വരുത്തുമെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി. ചർച്ചകളിൽ പങ്കെടുക്കുകയും, നിയമനിർമ്മാണം ശക്തിപ്പെടുത്തുന്നതിൽ സംഭാവന നൽകുകയും ചെയ്ത എല്ലാ പാർലമെന്റ് അംഗങ്ങൾക്കും അദ്ദേഹം സമൂഹ മാധ്യമത്തിലൂടെ നന്ദി പറഞ്ഞു. സുതാര്യത ഉറപ്പാക്കാനും ജനങ്ങളുടെ അവകാശങ്ങൾ സംരക്ഷിക്കാനും ബിൽ വഴിയൊരുക്കുമെന്നും പ്രധാനമന്ത്രി വ്യക്തമാക്കി.വഖഫ് ഭേദഗതി ബിൽ പാസാക്കിയ ചരിത്രപരമായ നടപടിയിലൂടെ നീതിയുടെയും സമത്വത്തിന്റെയും ഒരു യുഗത്തിന് തുടക്കമായതായി കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ പറഞ്ഞു. വഖഫ് ബോർഡും വഖഫ് സ്വത്തുക്കളും കൂടുതൽ സുതാര്യമാകുമെന്നും മുസ്ലീം സമുദായത്തിലെ പാവപ്പെട്ടവർക്കും സ്ത്രീകൾക്കും കുട്ടികൾക്കും ഇത് പ്രയോജനപ്പെടുമെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി. മുനമ്പം വിഷയത്തിൽ ബിൽ പ്രയോജനപ്പെടുമെന്നും, ഇതിൽ ഒരു ആശങ്കയ്ക്കും അടിസ്ഥാനമില്ലെന്നും കേന്ദ്രസഹമന്ത്രി സുരേഷ് ഗോപി പറഞ്ഞു.

*******************

## PARLIAMENT-RESOLUTION MANIPUR

മണിപ്പൂരിൽ രാഷ്ട്രപതി ഭരണം ഏർപ്പെടുത്തിയ പ്രമേയത്തിന് പാർലമെൻറ് അംഗീകാരം നൽകി. കഴിഞ്ഞ നവംബർ മുതൽ മണിപ്പൂരിൽ അക്രമ സംഭവങ്ങൾ ഒന്നും റിപ്പോർട്ട് ചെയ്തിട്ടില്ലെന്ന് ചർച്ചയ്ക്കുള്ള മറുപടിയിൽ കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ പറഞ്ഞു. സ്ഥിതിഗതികൾ നിയന്ത്രിക്കാൻ സാധിക്കാത്തതിനാലാണ് രാഷ്ട്രപതി ഭരണം ഏർപ്പെടുത്തിയതെന്ന പ്രതിപക്ഷത്തിൻറെ

ആരോപണം അദ്ദേഹം തള്ളി. ഫെബ്രുവരി 13 നാണ് മണിപ്പൂരിൽ രാഷ്ട്രപതി ഭരണം നിലവിൽ വന്നത്.

******************

## ASHA WORKDER (INTRO)

സെക്രട്ടേറിയറ്റിന് മുന്നിൽ സമരം ചെയ്യുന്ന ആശാ വർക്കർമാരുമായി സംസ്ഥാന സർക്കാർ ഇന്ന് ചർച്ച നടത്തില്ല. ആരോഗ്യമന്ത്രി വീണാ ജോർജിൻറെ നേതൃത്വത്തിൽ ഇന്നലെ നടന്ന ചർച്ചയും സമവായമാകാതെ പിരിയുകയായിരുന്നു.

ആശാ വർക്കർമാരുടെ പ്രശ്നം പഠിക്കുന്നതിനായി കമ്മീഷനെ നിയോഗിക്കുന്നത് സംബന്ധിച്ച് സമരക്കാരിൽ നിന്നും അഭിപ്രായം തേടിയിട്ടുണ്ടെന്ന് മന്ത്രിയുടെ ഓഫീസ് അറിയിച്ചു.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി തിരുവനന്തപുരം പ്രതിനിധി രെജു കോലിയക്കോട്.**

**(വോയ്സ്)**

******************

## Wayanad - Consent

വയനാട് ചൂരൽമല-മുണ്ടക്കൈ ദുരന്തബാധിതരുടെ പുനരധിവാസത്തിനായി സംസ്ഥാന സർക്കാർ നിർമിക്കുന്ന ടൗൺഷിപ്പിലേക്ക് സമ്മതപത്രം കൈമാറാനുള്ളത് നാലുപേർ മാത്രം. രണ്ടാംഘട്ട 2- എ, 2- ബിയിൽ ഉൾപ്പെട്ട ഗുണഭോക്താക്കൾക്ക് സമ്മതപത്രം നൽകുന്നതിനുള്ള അവസാന ദിവസമായ ഇന്നലെ 20 പേരാണ് സമ്മതപത്രം കൈമാറിയത്. ഒന്നാംഘട്ട ഗുണഭോക്താക്കളുടെ പട്ടികയിൽ ഉൾപ്പെട്ട 242 പേർ സമ്മതപത്രം നൽകിയിരുന്നു.

******************

## NITI AAYOG- WORKSHOP

കാലാവസ്ഥാ വ്യതിയാന പരിഹാരങ്ങളെ പ്രാദേശിക വികസന പദ്ധതികളുടെ ഭാഗമാക്കുന്നത് സംബന്ധിച്ച് നിതി അയോഗ് ന്യൂഡൽഹിയിൽ ദേശീയ ശിൽപശാല സംഘടിപ്പിച്ചു. കാലാവസ്ഥാ വെല്ലുവിളികളെ ഫലപ്രദമായി നേരിടുന്നതിന് ഗ്രാമപഞ്ചായത്തുകളെ സജ്ജീകരിക്കേണ്ടതിന്റെ ആവശ്യകത ശിൽപശാലയിൽ ചർച്ച ചെയ്തു.

******************

## MANOJ KUMAR-PASSED AWAY

മുതിർന്ന ബോളിവുഡ് നടനും സംവിധായകനുമായ മനോജ് കുമാർ മുംബൈയിൽ അന്തരിച്ചു. 87 വയസ്സായിരുന്നു. പത്മശ്രീ, ദാദാസാഹിബ് ഫാൽക്കെ പുരസ്കാരം തുടങ്ങി നിരവധി അംഗീകാരങ്ങൾ നേടിയിട്ടുള്ള അദ്ദേഹം, ദേശസ്നേഹം നിറഞ്ഞ നിരവധി കഥാപാത്രങ്ങളെ അവതരിപ്പിച്ചതിലൂടെ 'ഭരത് കുമാർ' എന്ന പേരിലാണ് അറിയപ്പെട്ടിരുന്നത്. ഉപ്കർ, പുരബ് ഔർ പശ്ചിമ്, ക്രാന്തി തുടങ്ങിയവയാണ് പ്രധാന ചിത്രങ്ങൾ. മനോജ് കുമാറിന്റെ നിര്യാണത്തിൽ രാഷ്ട്രപതി, ഉപരാഷ്ട്രപതി, പ്രധാനമന്ത്രി, തുടങ്ങിയ നേതാക്കൾ അനുശോചനം രേഖപ്പെടുത്തി.

******************

## IPL

ഐപിഎൽ ക്രിക്കറ്റിൽ ലഖ്നൗ സൂപ്പർ ജയന്റ്സ് ഇന്ന് മുംബൈ ഇന്ത്യൻസിനെ നേരിടും. ലഖ്നൗവിൽ ഇന്ന് രാത്രി 7.30 നാണ് മത്സരം. ഇന്നലത്തെ മത്സരത്തിൽ കൊൽക്കത്ത നൈറ്റ് റൈഡേഴ്സ് സൺറൈസേഴ്സ് ഹൈദരാബാദിനെ 80 റൺസിന് പരാജയപ്പെടുത്തി.

******************

## SENSEX-GOLD

യുഎസിൻറെ താരിഫ് പ്രഖ്യാപനത്തെ തുടർന്ന് ഇന്ത്യൻ ഓഹരി സൂചികകളിലും നഷ്ടം. സെൻസെക്സ് 798 പോയിന്റ് നഷ്ടത്തിൽ 75,496 ലും

നിഫ്റ്റി 297 പോയിന്റ് ഇടിഞ്ഞ് 22,952 ലും വ്യാപാരം തുടരുകയാണ്. അതെസമയം, സ്വർണവില കുത്തനെ കുറഞ്ഞു. ഗ്രാമിന് 160 രൂപ
കുറഞ്ഞ് 8,400 രൂപയും പവന് 1,280 രൂപ കുറഞ്ഞ് 67,200 രൂപ യുമാണ് ഇന്നത്തെ വില.

******************

## FRANCE- US TARIFFS

യൂറോപ്യൻ യൂണിയനിൽ നിന്നുള്ള ഇറക്കുമതിക്ക്, യുഎസ് പ്രസിഡന്റ് ഡോണൾഡ് ട്രംപ് 20% നികുതി ഉൾപ്പെടെ ഉയർന്ന തീരുവകൾ ഏർപ്പെടുത്തിയതിനെ ശക്തമായി വിമർശിച്ച് ഫ്രഞ്ച് പ്രസിഡന്റ് ഇമ്മാനുവൽ മാക്രോൺ. പുതിയ തീരുവകൾ അന്യായവും യൂറോപ്യൻ സമ്പദ്വ്യവസ്ഥയ്ക്ക് ദോഷകരവുമാണെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി. തീരുവകൾ സംബന്ധിച്ച് ഡോണൾഡ് ട്രംപ് വ്യക്തത തരുന്നത് വരെ യുഎസിലെ നിക്ഷേപങ്ങൾ നിർത്തിവയ്ക്കാൻ മാക്രോൺ, ഫ്രഞ്ച് കമ്പനികൾക്ക് നിർദേശം നൽകി. വിഷയത്തിൽ യൂറോപ്യൻ രാജ്യങ്ങൾ ഒരുമിച്ച് നിൽക്കണമെന്നും അദ്ദേഹം അഭ്യർത്ഥിച്ചു.

******************

## INDIA - UN REPORT

2023-ൽ നിർമിതബുദ്ധി രംഗത്ത് ഗണ്യമായ സ്വകാര്യ നിക്ഷേപം നടത്തിയ രാജ്യങ്ങളിൽ പത്താം സ്ഥാനത്തെത്തി ഇന്ത്യ. യുഎൻ ട്രേഡ് ആൻഡ് ഡെവലപ്മെന്റ് പുറത്തിറക്കിയ റിപ്പോർട്ടിൽ, 2024-ൽ മുൻനിര സാങ്കേതികവിദ്യ പ്രയോജനപ്പെടുത്താൻ സജ്ജരായ രാജ്യങ്ങളുടെ പട്ടികയിൽ ഇന്ത്യ 36-ാം സ്ഥാനത്തുമെത്തി.

2022-ൽ 48-◌ാ◌ം സ്ഥാനത്തായിരുന്നു ഇന്ത്യ. നിർമിതബുദ്ധി രംഗത്തെ സ്വകാര്യ നിക്ഷേപത്തിന്റെ കാര്യത്തിൽ യുഎസ് ആണ് ലോകത്ത് ഒന്നാമത്.

******************

*************

******